(ബി) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലേക്കായി, 25 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന് അനുമതി നൽകി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ശേഷമേ ഈ പദ്ധതി നടപ്പാക്കുകയുള്ളൂ. വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു :

ടിക്കറ്റ് നിരക്ക്	സെസ് തുക
24 രൂപാ വരെ	ഇല്ല
25 - 49 രൂപ	2 രൂപ
50 - 74 രൂപ	3 രൂപ
75 - 99 രൂപ	4 രൂപ
100 രൂപയും അതിനു മുകളിലും	10 രൂപ

സാമൂഹിക സുരക്ഷ അടിസ്ഥാനപ്പെടുത്തി നടപ്പാക്കുവാനുദ്ദേശിക്കുന്ന സെസ് പദ്ധതി അതിന്റെ ഏത് ഘട്ടത്തിലും നിർത്തിവയ്ക്കുന്നതിനും പുനരാരംഭിക്കുന്നതിനും ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ്

24 (*324) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സേവനം താമസം കൂടാതെയും അഴിമതിരഹിതമായും ജനങ്ങളിലെത്തുന്നതിന് ജില്ലാ - സംസ്ഥാന തലങ്ങളിൽ എല്ലാ വകുപ്പുകളിലും സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൂടുതൽ ഇൻക്രിമെന്റും പാരിതോഷികങ്ങളും ഗ്രഡ് സർവ്വീസ് സർട്ടിഫിക്കറ്റും നൽകി ഗുണനിലവാരമുള്ള സിവിൽ സർവ്വീസ് രൂപപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ സേവനം കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങളിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും അഴിമതി തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സർപ്രൈസ് വിസിറ്റിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരപരിധി പ്രവർത്തന മേഖലയായാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത സംവിധാനം മറ്റ് പ്രധാന നഗരങ്ങളിലേയ്ക്കും കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ആത്മാർത്ഥമായും കാര്യക്ഷമമായും ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് മികവിന്റെ അടിസ്ഥാനത്തിൽ സദ്സേവന പത്രം, മെറിട്ടോറിയസ് സർവ്വീസ് എൻട്രി, ബാഡ്ജ് ഓഫ് ഓണർ തുടങ്ങിയ ബഹുമതികൾ ഇതിനകംതന്നെ നൽകിവരുന്നുണ്ട്. ആത്മാർത്ഥത, കാര്യക്ഷമത തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചാണ് ഉദ്യോഗക്കയറ്റങ്ങൾ നൽകുന്നതും. സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പൊതുസേവനങ്ങൾ വേഗത്തിലും കൃത്യമായും നൽകുക, പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾക്കായി 'മുഖ്യമന്ത്രിയുടെ പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾക്ക്' (Chief Minister's award for Innovations in Public Policy) പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. 2013 വർഷത്തെ അവാർഡുകൾ ഐ.എം.ജി.-യിൽ വച്ച് നടന്ന ചടങ്ങിൽ 2014 ഒക്ടോബർ 27-ന് വിതരണം ചെയ്യുകയുണ്ടായി.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

.25 (*325) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ട് കൊണ്ടു പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly